LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ആർബിട്രേഷൻ ടൈബ്യൂണലിൽ നമ്മൾ കക്ഷി ചേരണം. കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്ന് 1974 ഡിസംബറിൽ കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരം എടുത്ത മിൽ ആണ്. അന്നും നമുക്ക് നഷ്ടപരിഹാരം കിട്ടിയിട്ടില്ല. 16.75 ഏക്കർ സ്ഥലം, കൊല്ലം നഗരത്തിന്റെ ഹൃദയഭാഗമാണ്. സ്ഥലമെടുക്കുന്നതിന് ആർബിട്രേഷൻ ടൈബ്യൂണലിൽ ഗവൺമെന്റ് കക്ഷി ചേരണമെന്നതാണ് എന്റെ ആവശ്യം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, തീർച്ചയായും അതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാം. പക്ഷേ നിയമ നടപടിയിലേക്ക് പോയാൽ വരുന്ന കാലതാമസത്തെ കുറിച്ച് ആശങ്കയുണ്ട്. എന്നാലും അങ്ങ് പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(6) ഗതാഗതക്കുരുക്ക്

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, നാഷണൽ ഹൈവേ 17-ൽ മഞ്ചേശ്വരം സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്കായി വാഹനങ്ങൾ നിർത്തിയിടുന്നതുമൂലം നിത്യേന മണിക്കൂറുകളോളം ഉണ്ടാകുന്ന ഗതാഗതക്കുരുക്കിന് അടിയന്തരമായി പരിഹാരമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ദിവസേന കാസർഗോഡ് പയ്യന്നൂർ ഭാഗത്തുനിന്ന് നിരവധി ആംബുലൻസുകൾ കടന്നുപോകുന്ന പ്രദേശമാണ് ഇത്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മറ്റുമുള്ളതുകൊണ്ട് മംഗലാപുരത്തെയാണ് കൂടുതലും ആശ്രയിക്കുന്നത്. കൂടാതെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ രാവിലെ ഏഴ് മണിക്ക് വീട്ടിൽ നിന്നു പോയാൽ ഗതാഗതക്കുരുക്ക് കാരണം രാത്രി വളരെ വൈകി മാത്രമാണ് വീട്ടിൽ തിരിച്ചെത്താൻ സാധിക്കുന്നത്. ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട സ്ഥലത്തിന് 100 മീറ്റർ വടക്കോട്ടുമാറി അവിടെ വേറെയും സ്ഥലങ്ങളുണ്ട്. താത്കാലികമായി വാഹനങ്ങൾ നിർത്തിയിടാനുള്ള സംവിധാനത്തിനുവേണ്ടി എൻ.എച്ച്. ഡിവിഷൻ 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെതന്നെ താഴ്ന്നകിടക്കുന്ന വൈദ്യുതി ലൈൻ ഉയർത്തുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെട്ടിരുന്നു. പോലീസ് എയ്ഡ് പോസ്റ്റ് അവിടെയുണ്ടെങ്കിലും ദിവസേന പോലീസിനെ അനുവദിക്കാനുള്ള സൗകര്യമില്ലെന്നാണ് പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും അറിയാൻ കഴിഞ്ഞത്. അതുപോലെതന്നെ 50 വർഷം

മുമ്പ് സ്ഥാപിച്ച ആർ.ടി.ഒ. ചെക്ക് പോസ്റ്റ് അതേ സ്ഥലത്തുതന്നെ നിലനിൽക്കുകയാണ്. 15 മീറ്റർ സ്ഥലം മാത്രമാണ് റോഡിനുള്ളത്. പ്രസ്തുത സ്ഥലത്ത് താത്കാലിക ഷെഡ്ഡുമുണ്ട്. അതിലേക്ക് ആർ.റ്റി.ഒ.-കൂടി മാറ്റിയാൽ തടസ്സങ്ങൾ മാറ്റാൻ സാധിക്കും. നാല് വകുപ്പുമായി ചേർന്ന് യോഗം വിളിച്ചു ചേർത്ത് നൂറ് കണക്കിന് വാഹനങ്ങൾ നിർത്തിയിടുന്നതിനുള്ള സ്ഥലം ഒരുക്കിയെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, നിലവിൽ കേരളത്തിലേക്ക് പ്രവേശിക്കുന്ന ചരക്ക് വാഹനങ്ങൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ നിന്നും നൂറ് മീറ്റർ വടക്കുമാറി സ്ഥിതിചെയ്യുന്ന എക്സൈസ് ചെക്ക് പോസ്റ്റ് പോയിന്റിൽ പരിശോധനയ്ക്ക് വിധേയമായ ശേഷം വെയിംഗ് ബ്രിഡ്ജിൽ പ്രവേശിച്ച് വാണിജ്യ നികുതി ചെക്ക് പോസ്റ്റ് പരിസരത്ത് ഹൈവേയിൽ പാർക്ക് ചെയ്യുന്നതാണ് ഗതാഗതക്കുരുക്കിന് പ്രധാന കാരണം. ഇത് എക്സൈസ് ചെക്ക് പോയിന്റ് മുതൽ വാണിജ്യ നികുതി വകുപ്പിന്റെ ഇൻ ടോക്കൺ കൗണ്ടർ വരെ നിയന്ത്രണാതീതമായ ഗതാഗത കുരുക്കിന് കാരണമാകുന്നു. ഇതു പരിഹരിക്കുന്നതിന് എക്സൈസ് ചെക്ക് പോയിന്റ് നൂറ് മീറ്റർ വടക്കോട്ട് മാറ്റി സ്ഥാപിക്കുന്നകാര്യം പരിശോധിച്ചുവെങ്കിലും സാങ്കേതിക തടസ്സങ്ങൾമൂലം അത് സാദ്ധ്യമായില്ല. ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും അവരുടെ സേവനം ഉച്ചയ്ക്ക് രണ്ടു മണി മുതൽ രാത്രി പത്ത് മണിവരെ മാത്രമേ ലഭ്യമാകുന്നുള്ളൂ. അത് 24 മണിക്കൂറും ലഭ്യമാക്കുന്നത് സഹായകരമായിരിക്കും. പോലീസ് എയ്ഡ് പോസ്റ്റിന് വടക്കുഭാഗത്ത് റോഡ് വളരെ വീതി കുറവാണ്. ഇതും ഗതാഗത കുരുക്കിന് മറ്റൊരു കാരണമാണ്. ഇത് പരിഹരിക്കുന്നതിന് സംയോജിത ചെക്ക് പോസ്റ്റിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഹൈവേയോട് ചേർന്ന ഭാഗം ചരക്ക് വാഹനത്തിന് പാർക്കിംഗ് ഏരിയയായി ഉപയോഗിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയോടുകൂടി പാഴ്മരങ്ങൾ മുറിച്ചു മാറ്റുകയും താഴ്ന്നുകിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തി പാർക്കിംഗ് ഏരിയ പ്രവർത്തനം ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർക്കിംഗ് ഏരിയയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly